ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ ടവർ നിർമ്മാണത്തിന് ആർക്കിടെക്റ്റുകളെ തെരഞ്ഞെടുത്തതിലും അവർക്ക് ഫീസ് നിശ്ചയിച്ചതിലും അഴിമതിയുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ ഹൗസിംഗ് ബോർഡ് സെക്രട്ടറിക്കും ചില ബോർഡ് ഉദ്യോഗസ്ഥന്മാർക്കുമെതിരെ ക്രൈം 5/96 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടർ അന്വേഷണം നടത്തിയിരുന്നു.

(സി) വിജിലൻസ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടറുടെ അന്വേഷണത്തിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പുനരന്വേഷണത്തിലും പ്രസ്തുത കേസ്സ് "Mistake of Fact" ആയി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തുകയും അതു പ്രകാരം റിപ്പോർട്ട് തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയ്ക്ക് നൽകുകയും കോടതി പ്രസ്തുത റിപ്പോർട്ട് 10-4-2000-ൽ അംഗീകരിയ്ക്കുകയും ചെയ്തു. റിപ്പോർട്ട് കോടതി അംഗീകരിച്ച് കേസ്സ് ഡ്രോപ്പ് ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആർക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകാത്ത നടപടി

11 (1950) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനിച്ച ജില്ലയിൽ അല്ലാതെ വർഷങ്ങളായി താമസിച്ചുവരുന്ന വ്യക്തികൾക്ക് പ്രസ്തുത ജില്ലകളിൽനിന്നും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർമാർ നല്കാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനിച്ച ജില്ലയിൽ സ്ഥിരതാമസമില്ലാത്തവർക്കും തൊഴിൽ തേടി മറ്റൊരു ജില്ലയിൽ താമസിക്കുന്നവർക്കും വോട്ടവകാശവും റേഷൻ കാർഡും വീടും വീടുനമ്പരും ഉള്ളവർക്കും സ്ഥിരമായി താമസിക്കുന്ന താലൂക്കുകളിൽ നിന്നും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ ഏതെങ്കിലും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത്തരക്കാർക്ക് സ്ഥിരമായി താമസിക്കുന്ന ജില്ലയിൽ നിന്നും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ വേണ്ട അടിയന്തിര നിയമ നടപടികൾ സ്വീകരിക്കുമോ ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികൾ ഇതിൻപ്രകാരം സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുറപ്പെടുവിച്ചിട്ടില്ല ; എന്നാൽ 20-2-1983-ലെ ജി.ഒ. (എം.എസ്.) 205/83/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി & ഡി) സർക്കാർ പരിശോധനയിലാണ്.

റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

12 (1951) ശ്രീ. റ്റി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലകളിലും റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) തൃശൂർ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഏതെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) മണൽ വാരൽമൂലം പുഴയോരങ്ങളെ മണ്ണിടിച്ചിലിൽ നിന്നും സംരക്ഷിക്കുവാൻ ഈ ഫണ്ട് ഉപയോഗിക്കുവാൻ കഴിയുമോ ;

(ഇ) എങ്കിൽ, പ്രസ്തുത പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനായി പ്രസ്തുത ഫണ്ട് ഉപയോഗിക്കുവാൻ അടിയന്തിരമായി അനുമതി നൽകാമോ ?

ഉത്തരം

(എ) ഓരോ ജില്ലയ്ക്കും പ്രത്യേക മാനദണ്ഡം ഇല്ല. പൊതുവായി റിവർമാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയുടെ നദീതീര സംരക്ഷണ പദ്ധതി പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടതിനാൽ അത് പരിഹരിച്ച് തിരിച്ചയയ്ക്കുന്നതിനായി തൃശൂർ ജില്ലാ കളക്ടർക്ക് തിരിച്ച് അയച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കഴിയും.

(ഇ) നദീതീരങ്ങളുടെ ജൈവഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിന് നദീതീര വികസന പദ്ധതി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ ചെലവ് റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. അനുമതിക്കായി ലഭിക്കുന്ന നദീതീര വികസന പദ്ധതികൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly